"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. രാജേഷ് ജി.കെ., ശ്രീ. ഷൈൻ രാജ്.പി.എസ്.,കുമാരി ദേവിക എസ് എന്നിവരുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.3015/2025/LSGD തീയതി, തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10.05.2013.
2. സ.ഉ.(സാധാ) നം. 580/2013/ധന തീയതി 28.11.2013.
3. സ.ഉ.(സാധാ) നം. 2539/2023/തസ്വഭവ തീയതി, 21.12.2023
4. സ.ഉ.(സാധാ) നം. 220/2024/തസ്വഭവ തീയതി, 25.01.2024.
5. സ.ഉ.(സാധാ) നം. 2478/2024/തസ്വഭവ തീയതി, 17.12.2024
6. സ.ഉ.(സാധാ) നം. 367/2025/തസ്വഭവ തീയതി, 06.02.2025.
7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറിയുടെ 29/11/2025-ലെ A1-711/TLSGIs/2025 നമ്പർ കത്ത്.

**ഉത്തരവ്**

തൊടുപുഴ മുൻസിഫ് കോടതിയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രാജേഷ് ജി.കെ.-യെയും എറണാകുളം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ഷൈൻരാജ് പിഎസ്.നെയും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിക്കുകയും, പരാമർശം (5) പ്രകാരം ഇവരുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2) തിരുവല്ല മുൻസിഫ് കോടതിയിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കുമാരി.ദേവിക.എസ്-നെ പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (6) പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

3) മേൽപ്പറഞ്ഞ ജീവനക്കാരുടെ അന്യത്ര സേവനകാലാവധി അവസാനിക്കുന്ന മുറയ്ക്ക് ശ്രീ. രാജേഷ് ജി. കെ.-യുടെ അന്യത്രസേവന കാലാവധി 11/01/2026 മുതൽ ഒരു വർഷത്തേക്കും,

ശ്രീ.ഷൈൻരാജ്.പി.എസ്.-ന്റെ അന്യത്രസേവന കാലാവധി 18/01/2026 മുതൽ ഒരു വർഷത്തേക്കും കുമാരി.ദേവിക.എസ്.-ന്റെ അന്യത്രസേവന കാലാവധി 07/02/2026 മുതൽ ഒരു വർഷത്തേക്കും ദീർഘിപ്പിച്ച നൽകണമെന്ന് പരാമർശം (7) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച വരുന്ന ചുവടെ പട്ടികയിലെ ഉദ്യോഗസ്ഥരെ കെ.എസ്.ആർ. ഭാഗം-1 ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി പട്ടികയിൽ പരാമർശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക കൂടി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്ര. നം. | പേര്, ഉദ്യോഗപ്പേര് | മാതൃവകുപ്പ്, തസ്തിക | കാലാവധി ദീർഘിപ്പിക്കേണ്ട തീയതി |
|---|---|---|---|
| 1 | ശ്രീ. രാജേഷ് ജി. കെ.<br>സീനിയർ ക്ലർക്ക് | മുനിസിഫ് കോടതി, തൊടുപുഴ<br>സീനിയർ ക്ലർക്ക് | 11/01/2026 മുതൽ |
| 2 | ശ്രീ. ഷൈൻ രാജ് പി.എസ്.<br>സീനിയർ ക്ലർക്ക് | മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ, എറണാകുളം<br>സീനിയർ ക്ലർക്ക് | 18/01/2026 മുതൽ |
| 3 | കുമാരി. ദേവിക എസ്.<br>എൽ.ഡി.ടൈപ്പിസ്റ്റ് | മുനിസിഫ് കോടതി, തിരുവല്ല<br>എൽ.ഡി.ടൈപ്പിസ്റ്റ് | 07/02/2026 മുതൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം, തിരുവനന്തപുരം
രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം
ബന്ധപ്പെട്ട വ്യക്തികൾക്ക് (രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ഇ&ആർ.എസ്.എ.), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/210/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 20-12-2025 12:14:10

സെക്ഷൻ ഓഫീസർ